# ‘പിതൃബന്ധം’

## യോഹന്നാൻ 21:15

**“യേശു ശിമോൻ പത്രൊസിനോടു: യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ: ഉവ്വു, കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ടു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു.”**

കർത്താവിന്റെ ക്രൂശുമരണത്തിനു ശേഷം നിരാശരായ ശിഷ്യന്മാർ വീണ്ടും തങ്ങളുടെ പഴയ ജോലിയിലേക്ക് തിരിയുന്ന കാഴ്ച നാം കാണുന്നു. തങ്ങളുടെ കൂടെ നടന്നിരുന്ന എല്ലാമെല്ലാമായ ക്രിസ്തു കൈമോശം വന്നു എന്ന തോന്നൽ പഴയ ജീവിതത്തിലേക്ക് തിരിച്ചുപോകാൻ ശിഷ്യന്മാർക്ക് ഇടയാക്കി. നിരാശയുടെയും, പരാജയത്തിന്റെയും, കുറ്റബോധത്തിന്റെയും, ശൂന്യതയുടെയും അങ്ങനെ സമ്മിശ്രമായ വികാര അനുഭവങ്ങളിലൂടെ കടന്നുപോകുന്ന ശിഷ്യന്മാർക്ക് കർത്താവ് പ്രത്യക്ഷനായി. പരാജയത്തെ വിജയമാക്കി കൊടുക്കാൻ സ്നേഹത്തോടെ ഓടി എത്തുന്ന കർത്താവിന്റെ സ്നേഹം എത്ര അധികമാകുന്നു.

നമ്മുടെ കുറവുകളെയും നിറവുകളെയും കർത്താവ് നന്നായി അറിയുന്നു. കുറവുകളെ വ്യക്തമായി മനസ്സിലാക്കിയ യേശു, പത്രോസിനോടു ചോദിക്കുന്നു ‘നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ’ വളരെയധികം ആഴത്തിലേക്ക് നമ്മെ നയിക്കുന്ന ഒരു ചോദ്യമാണ് കർത്താവ് ഉന്നയിക്കുന്നത്. ഇത് ഇന്ന് ഓരോ ദൈവമക്കളോടുമുള്ള അവന്റെ ചോദ്യമാണ്. അതേ, ‘അനുഗ്രഹം കിട്ടിയതുകൊണ്ടാണോ നീ എന്നെ സ്നേഹിക്കുന്നത്. അതോ എന്നോടുള്ള സ്നേഹം കൊണ്ടോ. അതുമല്ലെങ്കിൽ ഞാൻ നിന്റെ പിതാവായതുകൊണ്ടോ’. കർത്താവ് വാസ്തവമായും ആഗ്രഹിക്കുന്നത് ഈ ഒരു സ്നേഹബന്ധം ആകുന്നു. ഒരു പിതാവും മകനും തമ്മിലുള്ള ആഴത്തിലുള്ള ബന്ധം. ഒരു അപ്പന്റെ സ്നേഹത്തിനു പകരം വെക്കാൻ മറ്റാരെയുംകൊണ്ട് കഴിയില്ല. ഈ അപ്പൻ നാം ചോദിക്കുന്നതൊക്കെയും നൽകിയാലും ഇല്ലെങ്കിലും അവൻ എന്റെ അപ്പനാണ്, സ്നേഹത്തിനു മാറ്റമില്ല.

ഇന്ന് വിശ്വാസഗോളം യേശുവിനെ ഒരു **Doctor** ആയോ **ATM machine** ആയോ അല്ലെങ്കിൽ അതുപോലെ ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ മാത്രമായ ഒരു ദൈവമായി കൊണ്ടുനടക്കുമ്പോൾ അവൻ നമ്മുടെ ഹൃദയത്തിന്റെ ഉള്ളറയിലേക്ക് ഒരു ചോദ്യം ഉന്നയിക്കുന്നു. വാസ്തവമായും ‘ഞാൻ നിന്റെ അപ്പനാണെന്ന ബോധ്യം നിനക്കുണ്ടോ’.

മക്കൾ ശ്രേഷ്ഠരായി കാണാൻ ഒരു അപ്പൻ ആഗ്രഹിക്കുന്നു. തന്റെ മഹത്വം തന്റെ മക്കളിലൂടെ കാണാൻ സ്വർഗ്ഗീയ പിതാവായ ദൈവം എത്രയധികമായി ആഗ്രഹിക്കുന്നു. അവൻ നമുക്ക് വേണ്ടിയത് നൽകിതരാൻ തീർച്ചയായും മതിയായവനും ആകുന്നു. വിളിച്ചവനെങ്കിൽ പരാജയം വരുമ്പോൾ തിരികെ വള്ളം എടുത്ത് മീൻ പിടിക്കാൻ പോകാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. ഒരു തിരി അണയാൻ പോകുമ്പോൾ കെട്ടുപോകാതെ കൈ പിടിക്കും. അതെ, കത്തിച്ചവൻ അത് കെട്ടുപൊകാതെ സൂക്ഷിക്കും. നമ്മിൽ ജീവന്റെ വെളിച്ചം കൊളുത്തിയവൻ കർത്താവാകയാൽ അത് അണഞ്ഞുപോകാതെ സൂക്ഷിക്കാൻ അവൻ മതിയായവനാകുന്നു. ഈ ഉറച്ച ബോധ്യം ഒരു പിതൃ-പുത്ര ബന്ധത്തിലൂടെ മാത്രമേ നമുക്ക് ഏറ്റെടുക്കുവാൻ കഴിയുകയുള്ളു. എന്റെ ബലഹീനതയിലും അവിശ്വസ്തതയിലും എന്നെ പൊതിഞ്ഞിരിക്കുന്ന രണ്ടു കൈകൾക്കായി സ്തോത്രം ചെയ്യാം. സ്നേഹമുള്ള അധ്വാനഫലം തരുന്ന കർത്താവ്.

അധ്വാനം കഴിഞ്ഞ് കടന്നു വരുമ്പോൾ പ്രാതൽ ഒരുക്കി കാത്തിരിക്കുന്ന ഒരു മനുഷ്യന്റെ സ്നേഹം പൂർണ്ണമായി തിരിച്ചറിയാൻ അവന്റെ കരങ്ങളിലേക്ക് കൊടുക്കാം. ജീവിതത്തിലെ മറ്റേതിനെക്കാളും ഉന്നതവും ഊഷ്മളവുമായ ഒരു ബന്ധം ആയിരിക്കണം പിതൃബന്ധം. നിന്റെ ജീവിതത്തിൽ നിനക്കു നല്കിയിരിക്കുന്ന സകലത്തിലും മീതെ കവിയുന്നതാണോ എന്നോടുള്ള സ്നേഹം എന്ന കുറിവാക്യത്തിന്റെ ധ്വനി നമ്മുടെ കാതുകളിൽ അലയടിക്കുമ്പോൾ ധൈര്യത്തോടെ, ഉറപ്പോടെ ഉവ്വ് കർത്താവേ, എന്ന് പറയാൻ ഇടയാകട്ടെ. ആവശ്യങ്ങൾക്ക് മാത്രം മുട്ടുന്ന ഒരു ദൈവം അല്ല. മക്കളെങ്കിൽ നാം പിതാവിന്റെ അവകാശികളായി ജീവിക്കുന്ന ഒരു സ്നേഹബന്ധം, വിട്ടുപിരിയാത്ത അനുഭവം ആയി ഈ നാളുകളിൽ അധികമായി വളരാൻ കർത്താവ് സഹായിക്കട്ടെ.

പരാമർശം :

ഗലാത്യർ 4:6

നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 085**